**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **30-09-2025 - ൽ മറുപടിയ്ക്ക്**

**നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാരന്റെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാരന് നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന നഗരസഭാ സ്റ്റേഷൻ മാറി മറ്റൊരു സ്റ്റേഷനിൽ നിന്നും (മുൻപ് ജോലി ചെയ്ത സ്റ്റേഷൻ) പെൻഷൻ സ്വീകരിക്കുവാൻ സാധിക്കുന്നതാണോ; വിശദാംശം നൽകാമോ; | (എ) | സാധിക്കും.<br><br>നിലവിൽ ഒരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന വിരമിച്ച ജീവനക്കാരന് ടിയാൻ മറ്റൊരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിനായി സാധുവായ കാരണം ബോധിപ്പിക്കുന്ന പക്ഷം പെൻഷൻ മറ്റൊരു നഗരസഭയിലേയ്ക്ക് മാറ്റി അനുവദിക്കാവുന്നതാണ്. |
| (ബി) | അങ്ങനെ സ്വീകരിക്കാൻ പറ്റുമെങ്കിൽ അപേക്ഷ നൽകേണ്ടതിന്റെ വിശദാംശം അറിയിക്കാമോ? | (ബി) | ഒരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷണർക്ക് മറ്റൊരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിനായി, ടിയാന്റെ പെൻഷൻ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ നിലവിൽ പെൻഷൻ വാങ്ങുന്ന നഗരസഭ സെക്രട്ടറിയ്ക്ക് നൽകേണ്ടതും, നഗരസഭ സെക്രട്ടറി ആവശ്യമായ രേഖപ്പെടുത്തൽ സഹിതം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ